പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3574 10.04.2013-ൽ മറുപടിക്ക്

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ വികസനത്തിനായി പ്രസ്തുത മുനിസിപ്പാലിറ്റി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ വികസനത്തിനായി മൂന്ന് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.<br>1. റോഡ് പുനരുദ്ധാരണത്തിനായി കെ.എസ്.യു.ഡി.പി.ക്ക് സമർപ്പിച്ച പ്രോജക്ട് വിശദമായ പരിശോധനയിലാണ്. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ സാങ്കേതിക റിപ്പോർട്ട് ലഭിച്ചതിനു ശേഷം കേന്ദ്രസർക്കാരിന്റെ/ എ.ഡി.ബിയുടെ അനുമതിക്ക് വിധേയമായി നടപ്പാക്കുന്നതാണ്.<br>2. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനും വികസനത്തിനും വേണ്ടി 115 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് 04.08.2012-ൽ സാങ്കേതിക അനുമതിയും അവയുടെ നിർവ്വഹണത്തിലേക്കായി 115 ലക്ഷം രൂപയും നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്ക്കരണം നഗരസഭയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 35.29 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിയ്ക്ക് 23.03.2012-ൽ സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിനുള്ള സർക്കാർ സാമ്പത്തിക സഹായമായി 24.225 ലക്ഷം രൂപയും നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്.<br>3. നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിനു സമർപ്പിച്ച പ്രോജക്ടിന്മേൽ സർക്കാർ നഗരസഭക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ